എയർപോർട്ട് റോഡിന്റെ സ്ഥലമെടുപ്പ് നടപടികൾ

339 (1424) ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വേങ്ങൂർ-നായത്തോട്-എയർപോർട്ട് റോഡിന്റെ ഒന്നാംഘട്ടമായ 1 കിലോമീറ്റർ ദൂരത്തിൽ സ്ഥലമെടുപ്പ് നടപടികൾ പൂർത്തിയായിട്ടുള്ളതിനാൽ 2010-ൽ റോഡ് പ്രവൃത്തിക്കും സ്ഥലമെടുപ്പിനും നൽകിയ 175 ലക്ഷം രൂപ വിനിയോഗിച്ച് റോഡ് നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതിനുള്ള കാലതാമസത്തിന്റെ കാരണം വിശദമാക്കുമോ;

(ബി) വർഷങ്ങളായി പ്രസ്തുത റോഡിനായി സ്ഥലം വിട്ടുനൽകിയിട്ടുള്ളവരുടെ യാത്രാക്ലേശം കണക്കിലെടുത്ത് പ്രസ്തുത തുക വിനിയോഗിച്ച് അത്താഴക്ഷു വിമാനത്താവളത്തിലേക്കുള്ള പ്രസ്തുത റോഡ് അടിയന്തരമായി നിർമ്മിക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) വർഷങ്ങളായി മുടങ്ങിക്കിടക്കുന്നപ്രസ്തുത പ്രവൃത്തി എന്നത്തേക്ക് ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) വേങ്ങൂർ-നായത്തോട്-എയർപോർട്ട് റോഡിന്റെ സ്ഥലമേറ്റെടുക്കലിന് അനുവദിച്ച 15 കോടി രൂപ ഉപയോഗിച്ച് 1 കി.മീ. ദൂരത്തിലാണ് സ്ഥലമെടുപ്പ് പൂർത്തിയായിട്ടുള്ളത്. എന്നാൽ 500 മീ. ഭാഗത്തെ പ്രവൃത്തികൾക്കായി 175 ലക്ഷം രൂപ വിനിയോഗിക്കുന്നതിനാണ് എസ്റ്റിമേറ്റ് തയ്യാറാക്കി സർക്കാരിൽ സമർപ്പിച്ചിരുന്നത്. എന്നാൽ സ്ഥലമെടുപ്പ് പൂർത്തിയായ മുഴുവൻ ഭാഗത്തിന്റെയും പ്രവൃത്തിക്കായുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി പുതുക്കിയ ഭരണാനുമതി ലഭിക്കുന്നതിനുള്ള പ്രൊപ്പോസൽ ലഭ്യമാക്കുന്നതിന് വേണ്ട നിർദ്ദേശം നൽകിയിട്ടുണ്ട്. പുതുക്കിയ എസ്റ്റിമേറ്റ് ലഭിക്കുന്ന മുറയ്ക്ക് ഭരണാനുമതി നൽകുന്ന കാര്യം പരിശോധിക്കുന്നതാണ്.

ഇടപ്പള്ളി-മണ്ണുത്തി ദേശീയപാതയിലെ പ്രശ്നങ്ങൾ

340 (T*1425) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടപ്പള്ളി - മണ്ണുത്തി ദേശീയപാതയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്നെടുത്ത യോഗ തീരുമാനങ്ങൾ ഇപ്പോഴും നടപ്പിലാക്കിയിട്ടില്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

* 'T' അടയാളപ്പെടുത്തിയ ചോദ്യത്തെ സൂചിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതുകൊണ്ട് തുടരെ തുടരെ ദാരുണമായ വാഹന അപകട മരണങ്ങൾ സംഭവിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഈ പ്രശ്നങ്ങൾക്ക് പരിഹാരം കാണുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ ;

(ഡി) സർക്കാർ എൻ.എച്ച്.-ന് നൽകാം എന്ന് പറഞ്ഞിരുന്ന തുക നൽകിക്കൊണ്ട് ഈ പ്രശ്നത്തിന് പരിഹാരം കാണാൻ ശ്രമിക്കുമോ; യോഗത്തിൽ എടുത്ത തീരുമാനം എന്ന് നടപ്പിലാക്കുമെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ടി യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ നടപ്പിലാക്കേണ്ട അധിക പണികൾക്ക് 98.68 കോടി രൂപയുടെ എസ്റ്റിമേറ്റ് സർക്കാരിൽ ലഭിച്ചുവെങ്കിലും ആവശ്യമായ ഫണ്ട് ലഭ്യമാകാതിരുന്നതിനാൽ തുടർ നടപടികൾ സ്വീകരിക്കുന്നതിന് സാധിച്ചിട്ടില്ല.

(ബി&സി) അപകടങ്ങൾ സംഭവിക്കുന്നതിന്റെ പ്രധാന കാരണം റോഡിന്റെ മോശമായ അവസ്ഥയ്ക്ക് പുറമെ മദ്യപിച്ച് വണ്ടി ഓടിക്കുന്നതും, അധിക വേഗത, ഡ്രൈവറുടെ/കാൽനടക്കാരുടെ തെറ്റായ രീതികൾ, കാലാവസ്ഥ എന്നിവയുമുണ്ടെന്ന് എൻ.എച്ച്.എ.ഐ. അറിയിച്ചിട്ടുണ്ട്. The Road Safety Experts of Independent Engineering Firm M/s. Intercontinental Consultants and Technologies Pvt. Ltd., New Delhi എന്ന സ്ഥാപനം 02-12-2011-ൽ pre-opening audit നടത്തി ആവശ്യമുള്ള സുരക്ഷ ഈ പ്രോജക്ട് റോഡിന് ഉണ്ടെന്ന് സർട്ടിഫിക്കറ്റ് നൽകിയിട്ടുള്ളതായി എൻ.എച്ച്.എ.ഐ. അറിയിച്ചിട്ടുണ്ട്. എന്നിരുന്നാലും തൃശ്ശൂർ - അങ്കമാലി നാവുവരി പാതയിൽ പുതിയതായി പണിത ഏഴുപാലങ്ങൾക്കും ഫുട്പാത്ത് പണിയുകയും മൂന്ന് സ്ഥലങ്ങളിൽ ട്രാഫിക് സിഗ്നൽ സിസ്റ്റംസ് നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. പ്രധാനപ്പെട്ട ജംഗ്ഷനുകളിലും പൈപ്പ് ഓവറുകളിലും പാലങ്ങളിലും മറ്റ് ജനവാസ കേന്ദ്രങ്ങളിലും കൺസഷൻ എഗ്രിമെന്റ് പ്രകാരമുള്ള ഹൈവേ പൈറ്റ്സ് സ്ഥാപിച്ചിട്ടുണ്ട്.

(ഡി) ആവശ്യമായ ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് കൂടുതൽ പ്രവൃത്തികൾ നടപടി കൈക്കൊള്ളാൻ കഴിയും.

ഒറ്റത്തവണ ടാർ ചെയ്യൽ പദ്ധതി

341 (1426) ശ്രീ. കെ. അജിത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റത്തവണ ടാർ ചെയ്യൽ പദ്ധതി പ്രകാരം ഗ്രാമീണ റോഡുകൾ ടാർ ചെയ്യുന്നതിന് 2015-16 സാമ്പത്തിക വർഷം എത്ര കോടി രൂപ അനുവദിച്ചിട്ടുണ്ടെന്ന് നിയോജക മണ്ഡലം തിരിച്ച് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly